നടന്നുവരികയുമാണ്. ആലപ്പുഴയിൽ ഭാഗികമായി തീർന്നു. ബാക്കിപണി ഉടനെ ആരംഭിക്കുകയാണ്. കൊല്ലത്ത് ബൈപ്പാസ് ഭാഗികമായി പണിനടന്നിട്ടുണ്ട്. ബാക്കിയുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിനു മുന്നിലാണ്.

(ഇ) തിരുവനന്തപുരം- നെയ്യാറ്റിൻകര ബൈപ്പാസിൽ കഴക്കൂട്ടം മുതൽ കോവളം വരെയുള്ള ഒന്നാം ഘട്ടത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. ഇത് ഉടൻതന്നെ ഗതാഗതത്തിന് തുറന്നുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എക്സ്പ്രസ് ഹൈവേ പദ്ധതി സംബന്ധിച്ച ആക്ഷേപങ്ങൾ പരിശോധിക്കാൻ ഉന്നതതല സമിതി

*25 [145] ശ്രീ. സി. മോയിൻകുട്ടി:
„ കെ. എൻ. എ. ഖാദർ:
„ പി. കെ. കെ. ബാവ:
„ ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സ്പ്രസ് ഹൈവേ പദ്ധതി പ്രവർത്തനങ്ങൾ എത്രത്തോളമായി എന്നും നിർമ്മാണപ്രവർത്തനങ്ങൾ എന്നുമുതലാണ് ആരംഭിക്കുന്നതെന്നും വിശദമാക്കുമോ;

(ബി) ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കിവരുന്ന എക്സ്പ്രസ് ഹൈവേ വികസന പദ്ധതികൾക്ക് അതേ അളവിൽ ചെയ്യുന്ന മറ്റുപ്രവൃത്തികളേക്കാൾ വർദ്ധിച്ച തോതിൽ പണം ചെലവഴിക്കേണ്ടിവരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് ആക്ഷേപങ്ങൾ ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിൽ സത്യാവസ്ഥ ബോദ്ധ്യപ്പെടുത്തുന്നതിനായി രണ്ട്തരം പ്രവൃത്തികളും നേരിൽ കണ്ട് പരിശോധിക്കുവാൻ ഒരു ഉന്നതതല സമിതിയെ നിയമിക്കാമോ;

(ഡി) ഇല്ലെങ്കിൽ സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) എക്സ്പ്രസ് ഹൈവേ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഫൈനാൻഷ്യൽ സ്ട്രക്ച്ചറിംഗിന് അവസാന രൂപം കൊടുത്തുവരികയാണ്.

(ബി—ഡി) ലോകബാങ്ക് പദ്ധതിയുടെ ചെലവ് മറ്റ് പ്രവൃത്തികളുടേതിനേക്കാൾ വർദ്ധിച്ചതല്ല. ലോകബാങ്ക് പദ്ധതിയിൽ റോഡ് പുനർനിർമ്മാണത്തിന് ശരാശരി 148 ലക്ഷം രൂപ ചെലവഴിക്കുമ്പോൾ, സംസ്ഥാനത്ത് നാഷണൽ ഹൈവേയിൽ റോഡ് പുനർനിർമ്മാണത്തിന് 188 ലക്ഷം രൂപ ചെലവാകുന്നുണ്ട്.

സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചക്കഞ്ഞി വിതരണം

*26 [146] ശ്രീ. എ. എ. അസീസ്:
„ കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഉച്ചക്കഞ്ഞി വിതരണം ഈ അദ്ധ്യയന വർഷത്തിൽ എപ്പോഴാണ് ആരംഭിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉച്ചക്കഞ്ഞി വിതരണം ഫലപ്രദമായി നടപ്പിലാക്കുവാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഉച്ചക്കഞ്ഞി വിതരണത്തിന്റെ ചുമതല ഇപ്പോൾ ഗ്രാമ പഞ്ചായത്തിനും ജില്ലാ പഞ്ചായത്തിനും വീതിച്ചു നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് എപ്പോൾ നൽകിയെന്ന് വ്യക്തമാക്കുമോ;

(ഇ) ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(എഫ്) പല സ്കൂളുകളിലും ഉച്ചക്കഞ്ഞി വിതരണം മുടങ്ങുന്നതായി സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ പ്രസ്തുത പരാതി സംബന്ധിച്ച് ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എച്ച്) ഉച്ചക്കഞ്ഞി വിതരണത്തിന് ആവശ്യമായ സാധനങ്ങൾ വാങ്ങിയ ഇനത്തിൽ എന്തുതുകയാണ് കൊടുത്തുതീർക്കാനുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഐ) വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിന് കേന്ദ്ര സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ജെ) എങ്കിൽ പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) 2003 ജൂൺ മാസം 9-ാം തീയതി ഉച്ചക്കഞ്ഞി വിതരണം ആരംഭിച്ചു.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) ഉച്ചക്കഞ്ഞി വിതരണം ഫലപ്രദമായി നടപ്പിലാക്കുന്നതിന് മേയ് മാസത്തിൽ വിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ നടന്ന റീജിയണൽ കോൺഫറൻസിൽ ടി പരിപാടിയുടെ നടത്തിപ്പ് സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ജില്ലാ തലത്തിൽ നൂൺമീൽ സൂപ്പർവൈസർമാർ പരിശോധന നടത്തി പോരായ്മകൾ കണ്ടെത്തി വേണ്ടനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. 1995-96 മുതൽ.

(ഇ) പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിൽ ഉച്ചക്കഞ്ഞി വിതരണത്തിന്റെ ചുമതല ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റിക്കും, ഹൈസ്കൂൾ വിഭാഗത്തിന്റെ ചുമതല ജില്ലാ പഞ്ചായത്തുകൾക്കും നൽകി. ഉച്ചക്കഞ്ഞി വിതരണത്തിനുള്ള കണ്ടിജന്റ് ഫണ്ട് അലോട്ട്മെന്റ് പൊതുവിദ്യാഭ്യാസ ഡയറക്ടറിൽനിന്നും സ്വീകരിച്ച് അതാത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം സ്കൂളുകൾക്കു നൽകുന്ന ഉത്തരവാദിത്തം ഗ്രാമ പഞ്ചായത്തുകൾക്കാണ്.

(എഫ്) ഇല്ല.

(ജി) 'എഫ്'-ലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) 3/2003 വരെയുള്ള ബില്ലുകൾ ലഭിച്ച വകയിൽ 47,17,70,307 രൂപ സിവിൽ സപ്ലൈസ് കോർപ്പറേഷനു നൽകുവാനുണ്ട്.

(ഐ, ജെ) ഉണ്ട്. കേന്ദ്ര പദ്ധതിയിൽ ചെറിയ മാറ്റം വരുത്തിയാണ് സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്ക് ഉച്ച ഭക്ഷണ പരിപാടി നടപ്പിലാക്കിയിരിക്കുന്നത്.

ഇടുക്കി ജില്ലയിലെ ഭൂമി കയ്യേറ്റം, വ്യാജ പട്ടയം ഇവ സംബന്ധിച്ച് സമഗ്രമായ അന്വേഷണം

*27 [147] ശ്രീ. രാജു എബ്രഹാം:
,, കെ. കെ. ജയചന്ദ്രൻ:
,, ടി. പി. രാമകൃഷ്ണൻ:
,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ഭൂമി കയ്യേറ്റം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ആരെയൊക്കെയാണ് ചുമതലപ്പെടുത്തിയിരുന്നത്;

(ബി) അന്വേഷണ ഉദ്യോഗസ്ഥർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(സി) ഇടുക്കി ജില്ലയിലെ വ്യാജ പട്ടയം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) വ്യാജ പട്ടയങ്ങൾ നിർമ്മിക്കുന്നതിന് കൂട്ടുനിന്ന റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) വനം-റവന്യൂ ഭൂമി കയ്യേറ്റം സംബന്ധിച്ചും, വ്യാജ പട്ടയം സംബന്ധിച്ചും സമഗ്രമായ ഒരു അന്വേഷണം നടത്താൻ തയ്യാറാകുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഇടുക്കി ജില്ലയിലെ വാഗമൺ പ്രദേശത്തെ കയ്യേറ്റം സംബന്ധിച്ച് അന്വേഷിക്കുന്നതിന് വനംവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ടൂറിസം സെക്രട്ടറി എന്നിവർ അംഗങ്ങളായി അന്വേഷണ സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വ്യാജ പട്ടയങ്ങളുടെപരിശോധനയ്ക്കും മറ്റുമായി 6 പേർ വീതമുള്ള മൂന്നു ടീമുകൾ ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസറുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്നു. മൂന്നാറിലെ അനധികൃത കയ്യേറ്റം സംബന്ധിച്ച് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ റവന്യൂ, പോലീസ്, ഫോറസ്റ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥരടങ്ങിയ ഹൈലെവൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. പൈനാവ്, ചെറുതോണി ഉൾപ്പെടെയുള്ള ജില്ലാ ആസ്ഥാനത്തെ അനധികൃത കയ്യേറ്റം ഇടുക്കി റവന്യൂ ഡിവിഷണൽ ഓഫീസറുടെ നേതൃത്വത്തിലും അന്വേഷിച്ചുവരുന്നു.

(ബി) റിപ്പോർട്ട് നൽകിയിട്ടില്ല.

(സി) വ്യാജ പട്ടയം സംബന്ധിച്ച് ദേവികുളം, ഇടുക്കി റവന്യൂ ഡിവിഷണൽ ഓഫീസർമാർ മുഖാന്തിരം അന്വേഷണം നടന്നുവരുന്നു. ദേവികുളം താലൂക്കിലെ കണ്ണൻദേവൻ ഹിൽസ് വില്ലേജിലെ വ്യാജ പട്ടയത്തെക്കുറിച്ച് സർവ്വെ ആന്റ് ഭൂരേഖാ ഡയറക്ടർ, ലാന്റ് ബോർഡ് സെക്രട്ടറി, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് എന്നിവർ അംഗങ്ങളായുള്ള വിദഗ്ദ്ധ സമിതി അന്വേഷണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly